# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5873

19.11.2019 ൽ മറുപടിക്ക്

### കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവല്ക്കരിക്കുന്നതിനുള്ള നീക്കം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി.ഷാനിമോൾ ഉസ്മാൻ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവല്ക്കരിക്കുന്നതിനുള്ള കേന്ദ്രനീക്കം സംസ്ഥാനത്തെ തൊഴിൽ മേഖലയെ എപ്രകാരമാണ് ബാധിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവല്ക്കരിക്കുന്നതുമൂലം സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയെ മാത്രമല്ല ബാധിക്കുന്നത്, പ്രസ്തുത സ്ഥാപനങ്ങളിൽ നേരിട്ടും പരോക്ഷമായും തൊഴിൽ ചെയ്തു വരുന്ന തൊഴിലാളികളെയും പ്രസ്തുത സ്ഥാപനങ്ങളെ ആശ്രയിച്ച് വരുന്ന അനുബന്ധ വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപിനെയും സാരമായി ബാധിക്കുന്നതാണ്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, BHEL-EML, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം, എന്നീ സ്ഥാപനങ്ങൾ നിതി ആയോഗിന്റെ ശുപാർശ പ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചു. ഇതിനെതുടർന്ന് ഇവയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണം എന്ന് ആവശ്യപ്പെട്ട് നിരവധി തവണ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.<br><br>കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനായി അതിന്റെ ആസ്തികൾ 53.02 കോടി രൂപയ്ക്ക് വാങ്ങുന്നതിന് തീരുമാനിക്കുകയും സർക്കാർ ഉത്തരവ് GO.(MS).No.52/2018/ID, തീയതി 20/7/2018 പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ കേരള സർക്കാർ സൗജന്യമായി |
| (ബി) | ഇത്തരം പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | നൽകിയ 123 ഏക്കർ സ്ഥലത്തിൻെറ വില കൂടി വേണമെന്ന കേന്ദ്ര സർക്കാരിൻെറ നിലവിലെ ആവശ്യം ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കി.<br><br>ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കാസർഗോഡുള്ള ബി.എച്ച്. ഇ. എൽ - ഇ. എം .എൽ -ൽ ഉള്ള 51% ബി.എച്ച്. ഇ. എൽ ന്റെ ഓഹരികൾ സംസ്ഥാന സർക്കാരിന് കൈമാറുന്നതിനുവേണ്ടി 07.09.2019 ലെ G.O(Ms) No.78/2019/ID ഉത്തരവ് പുറപ്പെടുവിക്കുകയും ഇതുമായി ബന്ധപ്പെട്ട കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.<br><br>കോട്ടയം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിൻെറ മാതൃ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ, ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനായി ഡൽഹിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ ഒഫിഷ്യൽ ലിക്വിഡേറ്ററെ നിയമിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിൽ, എച്ച്.എൻ.എൽ-ന് എതിരെയുള്ള ഇൻസോൾവൻസി കേസിൽ സംസ്ഥാന സർക്കാരും 'അപേക്ഷ നല്കിയിട്ടുണ്ട്. ഇതിലെല്ലാം സംസ്ഥാനത്തിന്റെ താല്പര്യം അറിയിച്ചിട്ടുണ്ട്. |
| **(സി)** | ബി.എച്ച്.ഇ.എൽ. -ഇ.എം.സി. യിലുള്ള അമ്പത്തൊന്ന് ശതമാനം ബി.എച്ച്.ഇ.എൽ. -ന്റെ ഓഹരികൾ സംസ്ഥാന സർക്കാരിന് കൈമാറിയിട്ടുണ്ടോ; ഇതിനായി എത്ര തുകയാണ് ചെലവഴിച്ചത്; വ്യക്തമാക്കാമോ? | **(സി)** | പരിഗണന വിലയായ ഒരു രൂപയ്ക്ക് ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് ൽ ഉള്ള ഭെല്ലിൻെറ 51% ഓഹരികൾ കേരള സർക്കാർ ഏറ്റെടുക്കുമ്പോൾ നിലവിലെ ബാധ്യതകൾ കൂടിയാണ് സർക്കാർ ഏറ്റെടുക്കുന്നത്. 31/03/2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനത്തിന്റെ സഞ്ചിത നഷ്ടം 24.23 കോടിരൂപയും അറ്റമൂല്യം -13.73 കോടിരൂപയുമാണ്. |

**സെക്ഷൻ ഓഫീസർ**